പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *311

17.12.2015-ൽ

മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ :

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.എ.മാധവൻ:

**ഉത്തരം**

ശ്രീ. കെ.ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(എ) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരകണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിന് വേണ്ടി ഒരു വെബ് ബേസ്ഡ് ആപ്പ്ളിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും, വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ സ്ഥിതിവിവരകണക്ക്, സ്ഥിരം കുറ്റവാളികളുടെ സ്ഥിതിവിവരകണക്ക് , പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിനും ക്രൈം രജിസ്ട്രേഷൻ, അന്വേഷണം,

| | | |
|---|---|---|
| | | അന്തിമറിപ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുന്നതിനും, അബ്കാരി/എൻ.ഡി.പി.എസ് കേസുകളുടേയും കുറ്റവാളികളുടേയും വിവരങ്ങളുടെ സംശയനിവാരണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനും, കീഴ്ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസ്സുകളുടെ അന്വേഷണനടപടികളും ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന അബ്കാരി, എൻ. ഡി. പി. എസ്. കേസ്സുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാക്കുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, കേസ്സുകളുടെ അന്വേഷണത്തെ സഹായിക്കുക, കേസ്സുകളുടെ നിലവിലെ തത്സ്ഥിതി അറിയിക്കുക, മേജർ കേസ്സുകളുടെ വിവരം, സ്ഥിരം കുറ്റവാളികളുടെ വിവരം, പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വിവരം തുടങ്ങിയ വിവരങ്ങൾ ഉടനടി ലഭ്യമാക്കുക എന്നി ഉദ്ദേശലക്ഷ്യങ്ങളാണ് |

കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ടി ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിവരങ്ങളും, സ്ഥിരം കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ച് കൊണ്ടും കേസ്സുകളുടെ അന്വേഷണങ്ങളിലും മറ്റും ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ നൽകികൊണ്ടും കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമറിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചു കൊണ്ടും പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ച് കൊണ്ടും കീഴ് ഓഫീസുകൾ സന്ദർശിച്ച് **പെൻഡിംഗ് കേസ്സുകളുടെ** അന്വേഷണനടപടികൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി **കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.**

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനം നടപ്പിലാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. എക്സൈസ് വകുപ്പ് കണ്ടുപിടിച്ച കുറ്റകൃത്യങ്ങളുടെ സ്ഥിതി വിവര കണക്ക്

**സൂക്ഷിക്കുന്നതിനും** ഉടനടി ലഭ്യമാക്കുന്നതിനും ആയി കേസ്സുകളുടെ വിവരം കീഴ് ഓഫീസുകളിൽ നിന്നും ശേഖരിച്ച് **സൂക്ഷിക്കുക.**

2. കേസ്സ് അന്വേഷണം സംബന്ധിച്ച് **ഉദ്യോഗസ്ഥരെസഹായിക്കുന്നതിനു വേണ്ടി** കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമറിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ **സൂക്ഷിക്കുക.**

3. പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ച് **സൂക്ഷിക്കുക.**

4. പോലീസ് വകുപ്പിൽ നിന്നും ലഭിക്കുന്ന അബ്കാരി/എൻ.ഡി.പി.എസ് കേസുകളുടെ മാസാവലോകന **സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുക.**

5. കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസ്സുകളുടെ അന്വേഷണം, അന്വേഷണനടപടിക്രമങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ **നൽകുക.**

സെക്ഷൻ ഓഫീസർ.